A

**സമഗ്ര ശിക്ഷാ കേരളം**

506

# ആത്യന്തിക വിലയിരുത്തൽ I 2026-2027

**അടിസ്ഥാനശാസ്ത്രം**


**ക്ലാസ്: 5** **സമയം: 2 മണിക്കൂർ 15 മിനിറ്റ്**

## നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരമെഴുതണം.
3. 3,6 എന്നീ ചോദ്യങ്ങൾക്ക് ചോയ്സ് നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ A,B എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

**1.**

a) ടീച്ചർ ക്ലാസിൽ താഴെ പറയുന്ന ചിത്രങ്ങളടങ്ങിയ കാർഡുകൾ കാണിച്ച് ഉചിതമായ തലക്കെട്ട് നൽകി തരംതിരിക്കാനാവശ്യപ്പെട്ടു.


കൊക്ക്


ജലം


തവള


കല്ല്

ഒരു കുട്ടി പട്ടികപ്പെടുത്തിയതാണ് ചുവടെ നൽകിയിരിക്കുന്നത്. വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.

| A. .............................. | ജീവനില്ലാത്തവ |
|---|---|
| കൊക്ക് | B. .................. |
| C. .................. | D. .................. |

b) രണ്ട് കുട്ടികൾ നിർമിച്ച ആഹാരകാർഡാണ് ചിത്രത്തിൽ.

ജീവി : കാക്ക
ഭക്ഷണം : മൃതാവശിഷ്ടങ്ങൾ
ധാന്യങ്ങൾ
ഭക്ഷണാവശിഷ്ടങ്ങൾ
പഴങ്ങൾ



കാർഡ്-A

ജീവി : സിംഹം
ഭക്ഷണം : പാമ്പ്
ഇലകൾ
ധാന്യങ്ങൾ



കാർഡ്-B

ഇതിൽ ശരിയായ ആഹാരകാർഡ് ഏതാണ്? ഏതെങ്കിലും ഒരു ജീവിയുടെ ആഹാരകാർഡ് നിർമ്മിക്കുക.

c) പ്രസ്താവന: ഒരു ആവാസവ്യവസ്ഥയിലെ ഒരു ജീവിവർഗം കൂടിയാലും കുറഞ്ഞാലും ആവാസ വ്യവസ്ഥയെ സാരമായി ബാധിക്കുന്നു.

കാരണം: ആവാസവ്യവസ്ഥയിലെ ഓരോ ജീവിയും ആഹാരത്തിനായി പരസ്പരം ആശ്രയിക്കുന്നു.

A. പ്രസ്താവന ശരി, കാരണം തെറ്റ്
B. പ്രസ്താവന തെറ്റ്, കാരണം ശരി
C. പ്രസ്താവന ശരി, കാരണം ശരി
D. പ്രസ്താവന തെറ്റ്, കാരണം തെറ്റ്

**2.** കാൻസർ ബാധിതരുടെ എണ്ണം സമൂഹത്തിൽ വർധിച്ചു വരുന്നു.

a) കാൻസർ ഒരു പകർച്ചവ്യാധിയാണോ?

b) ചുവടെ നൽകിയിരിക്കുന്ന രോഗങ്ങളെ പകരുന്നവ, പകരാത്തവ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തുക.

(കോളറ, അൽഷിമേഴ്സ്, ക്ഷയം, അപസ്മാരം)

c) ഒരു കുട്ടിക്ക് മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവന്റെ സഹോദരനും സമാനരോഗം സ്ഥിരീകരിച്ചു. ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരുന്ന രോഗങ്ങൾക്ക് പറയുന്ന പേരെന്താണ്?

ഇത്തരത്തിലുള്ള രോഗവ്യാപനം തടയാൻ പാലിക്കേണ്ട മുൻകരുതലുകൾ നിർദ്ദേശിക്കുക.

**3.** ഈ ചോദ്യത്തിന് **3. (A), 3.(B)** എന്നീ രണ്ടു ഭാഗങ്ങളുണ്ട്. **3.(A), 3.(B)** എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണ്ണമായി എഴുതിയാൽ മതിയാകും.

**3. (A)**

a) "ഞാൻ വാസസ്ഥലത്തിനായി മരത്തെ ആശ്രയിക്കുന്നു. പക്ഷേ, അതിൽ നിന്ന് ഒന്നും സ്വീകരിക്കാറില്ല. ഞാൻ ഏതുതരം സസ്യമാണ്?"

A. പൂർണപരാദസസ്യം B. അർധപരാദസസ്യം

C. എപ്പിഫൈറ്റ് D. ആതിഥേയ സസ്യം

b) പൂർണ പരാദസസ്യങ്ങൾക്ക് രണ്ട് ഉദാഹരണങ്ങൾ എഴുതുക.

c) പൂർണ പരാദസസ്യങ്ങളും അർധപരാദ സസ്യങ്ങളും ആഹാര സ്വീകരണത്തിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

അല്ലെങ്കിൽ

**3.(B)**

a) താഴെ നൽകിയിരിക്കുന്ന സസ്യങ്ങളെ പൂർണപരാദങ്ങൾ, അർധപരാദങ്ങൾ, എപ്പിഫൈറ്റുകൾ എന്നിങ്ങനെ പട്ടികപ്പെടുത്തുക?

(മരവാഴ, ഇത്തിൾക്കണ്ണി, മൂടില്ലാത്താളി, ഓർക്കിഡ്, ചന്ദനം, റഫ്ളീഷ്യ)

| പൂർണപരാദങ്ങൾ | അർധപരാദങ്ങൾ | എപ്പിഫൈറ്റുകൾ |
|---|---|---|
| .............................. | .............................. | .............................. |
| .............................. | .............................. | .............................. |

b) 'മരത്തിൽ വളരുന്ന എല്ലാ സസ്യങ്ങളും പരാദങ്ങളല്ല.' ഈ പ്രസ്താവനയോട് നിങ്ങളുടെ അഭിപ്രായം എഴുതുക.

**4.** പത്രവാർത്ത ശ്രദ്ധിക്കൂ...

> സംസ്ഥാനത്ത് പകർച്ചവ്യാധികളുടെ എണ്ണം കൂടി വരുന്നു.
> കനത്ത ജാഗ്രതയിൽ ആരോഗ്യവകുപ്പ്.

a) പകർച്ചവ്യാധികൾ തടയാൻ നിർദ്ദേശിക്കുന്ന ഒരു പോസ്റ്റർ തയ്യാറാക്കുക.

b) 'എല്ലാ സൂക്ഷ്മജീവികളും ഉപദ്രവകാരികളല്ല' - ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

c) രോഗങ്ങളുടെയും അവയ്ക്ക് കാരണമാകുന്ന സൂക്ഷ്മജീവികളുടെയും ബന്ധം രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ. ഇവയിൽ ശരിയായത് തിരഞ്ഞെടുക്കുക.


A. കോളറ : വൈറസ്

B. കോവിഡ് 19 : ബാക്ടീരിയ

C. ചിക്കൻപോക്സ് : വൈറസ്

D. ക്ഷയം : ഫംഗസ്

5. a) ചിത്രം നിരീക്ഷിക്കൂ. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന പ്രക്രിയ ഏതാണ്?




b) രാത്രികാലങ്ങളിൽ സസ്യങ്ങളിൽ നടക്കുന്ന വാതകവിനിമയ പ്രക്രിയയുടെ ചിത്രം ചുവടെ നൽകിയിരിക്കുന്നു.




ചിത്രത്തിൽ സൂചിപ്പിച്ചിരിക്കുന്ന പ്രക്രിയ ഏതാണ്?

**A, B** എന്നീ വാതകങ്ങൾ തിരിച്ചറിഞ്ഞ് എഴുതുക.

c) രണ്ടു കുട്ടികളുടെ സംഭാഷണം ശ്രദ്ധിക്കു.




കുട്ടി – 1 കുട്ടി - 2

ഇവരിൽ ഏത് കുട്ടിയുടെ അഭിപ്രായത്തോടാണ് നിങ്ങൾ യോജിക്കുന്നത്? എന്തുകൊണ്ട്?

6. ഈ ചോദ്യത്തിന് **6. (A), 6.(B)** എന്നീ രണ്ടു ഭാഗങ്ങളുണ്ട്. **6.(A), 6.(B)** എന്നിവയിൽ ഏതെങ്കിലും ഒന്ന് പൂർണമായി എഴുതിയാൽ മതിയാകും.

**6. (A)**

a) വ്യത്യസ്ത രോഗങ്ങളും രോഗാണുവാഹകരും ഉൾപ്പെടുന്ന പട്ടിക പൂർത്തിയാക്കുക.

| രോഗങ്ങൾ | രോഗാണുവാഹകർ |
|---|---|
| ഡെങ്കിപ്പനി | A. ................ |
| B.................. | ഈച്ച |
| കുഷ്ഠം | C. ................ |

b) ഡ്രൈ ഡേ ആചരണത്തിന്റെ പ്രാധാന്യവുമായി ബന്ധപ്പെട്ട് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാനാവശ്യമായ രണ്ട് നിർദേശങ്ങൾ എഴുതുക.

അല്ലെങ്കിൽ

**6. (B)**

a) രോഗാണുവാഹകരിലൂടെയാണ് ശരീരത്തിൽ രോഗാണുക്കൾ എത്തുന്നത്. താഴെ തന്നിരിക്കുന്ന രോഗങ്ങൾ പകരുന്ന രീതിയുടെ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തുക.

| രോഗം | പകരുന്ന രീതി |
|---|---|
| ടെറ്റനസ് | A. ................................ |
| മീസിൽസ് | വായുവിലൂടെ |
| ടൈഫോയ്ഡ് | B. ................................ |
| എയ്ഡ്സ് | ശരീരസ്രവങ്ങളിലൂടെ |

b) രോഗാണുവാഹകരെ നിയന്ത്രിക്കാൻ സ്വീകരിക്കാവുന്ന മുൻകരുതലുകൾ എന്തെല്ലാം?

c) താഴെപറയുന്നവയിൽ നിന്നും ഒരു രോഗാണുവാഹകനെ തിരഞ്ഞെടുക്കുക.

(വൈറസ്, ഫംഗസ്, കൊതുക്, ബാക്ടീരിയ)